ഇ.എം.(5)2870/2017

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി, 17.7.2017

സർക്കുലർ നമ്പർ 34/2017

വിഷയം - സഹകരണ വകുപ്പ് - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നത് സംബന്ധിച്ച്.

സൂചന - 1. സർക്കാരിന്റെ 23.5.2017 ലെ സ.ഉ(സാധാ)നം. 266/2017/സഹ. നം. ഉത്തരവ്.

2. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് സെക്രട്ടറിയുടെ 23.6.2017 ലെ WB/DG/ 181/ 2017 നം.കത്ത്.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ചട്ടപ്രകാരം സഹകരണ സംഘം ജീവനക്കാർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ വെൽഫെയർ ബോർഡിൽ അംഗത്വം എടുക്കേണ്ടതും, വിഹിതം അടയ്ക്കേണ്ടതുമാണ്. കുടിശ്ശിക വിഹിതം നൽകേണ്ട സാഹചര്യമുള്ളതിനാൽ ചില സംഘങ്ങൾ ജീവനക്കാരെ ബോർഡിൽ അംഗമായി ചേർക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. വെൽഫെയർ ബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കിക്കൊണ്ട് അംഗത്വം നേടുന്നതിന് 6 മാസത്തെ സമയപരിധി നിശ്ചയിച്ചും, ഇപ്രകാരം അംഗത്വം നേടുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ഇളവനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ നാളിതുവരെ വെൽഫെയർ ബോർഡിൽ അംഗത്വം എടുത്തിട്ടില്ലാത്ത സഹകരണ സംഘം ജീവനക്കാരെ മുഴുവനും കുടിശ്ശിക ഒഴിവാക്കി ബോർഡിൽ അംഗങ്ങളാക്കാവുന്നതാണ്. അപ്രകാരം സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലേയും ജീവനക്കാർ വെൽഫെയർ ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ടെന്ന് അതാത് നിയന്ത്രണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്,
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ഫംഗ്ഷണൽ രജിസ്ട്രാർമാർക്കും (കയർ,കൈത്തറി, വ്യവസായം, ക്ഷീര വികസനം, ഖാദി, ഫിഷറീസ് എന്നി വകുപ്പുകളിലെ ഡയറക്ടർമാർ)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
4. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ആഡിറ്റ്)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും(ജോയിന്റ് ഡയറക്ടർ മുഖേന)
7. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡ്, ഓവർബ്രിഡ്ജ്, തിരുവനന്തപുരം-1, പി.ബി.നം.112, ഫോൺ-0471 2460339
8. എഡിറ്റർ, സഹകരണ വീഥി
9. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)